"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - ജീവനക്കാര്യം — സർക്കാർ സർവ്വീസിൽനിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് നിയമനം ലഭിച്ച് വരുന്നവരുടെ മുൻസർക്കാർ സർവ്വീസും ശമ്പളവും സംരക്ഷിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(കൈ) നം.64/2026/LSGD തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:-

1. 13/04/1987ലെ ജി.ഒ.(എം.എസ്) നം.162/87/ തസ്വഭവ.
2. 07/06/1989ലെ ജി.ഒ.(എം.എസ്) നം.55/89/തസ്വഭവ.
3. 12/9/2006ലെ ജി.ഒ.(എം.എസ്) നം.211/06/തസ്വഭവ.
4. 02/12/2019 തീയതിയിലെ 4904/ലെഗ് സി1/2019/നിയമം-നമ്പർ വിജ്ഞാപനം.
5. CA 10505/2025 in SLP (C) 21756/2023, CA 10508/2025 in SLP(C) 3375/2024, CA 10506/2025 in SLP(C) 7338/2024 and CA 10507/2025 in SLP(C)9562/2024 നമ്പർ കേസുകളിലെ ബഹു.സുപ്രീംകോടതിയുടെ 12/08/2025-തീയതിയിലെ വിധിന്യായം.

**<u>ഉത്തരവ്</u>**

മുനിസിപ്പൽ കോമൺ സർവീസും സർക്കാർ സർവീസും വ്യത്യസ്ഥ സർവ്വീസുകളായാണ് കണക്കാക്കിയിരുന്നത് എന്നതിനാൽ സർക്കാർ സർവീസിലെ മുൻകാല സേവനം ശമ്പള സംരക്ഷണം ഉൾപ്പെടെയുള്ള മുനിസിപ്പൽ കോമൺ സർവീസിലെ ഏതെങ്കിലും സേവന ആനുകൂല്യങ്ങൾക്ക് കണക്കാക്കിയിരുന്നില്ല. സർക്കാർ സർവ്വീസിൽനിന്ന് മുനിസിപ്പൽ കോമൺസർവ്വീസിലേക്ക് നിയമനം ലഭിച്ച് വരുന്നവരുടെ മുൻകാലസർക്കാർ സർവ്വീസ് ശമ്പളനിർണ്ണയത്തിന് കണക്കാക്കി പരാമർശം 1 പ്രകാരം ഉത്തരവാകുകയും തുടർന്ന് ആയതിനു 31.03.1984 മുതൽ മുൻകാല പ്രാബല്യം നൽകി പരാമർശം 2 പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നുവെങ്കിലും പരാമർശം 3 പ്രകാരം പ്രസ്തുത ഉത്തരവുകൾ റദ്ദ് ചെയ്തിരുന്നു. ആയതിനാൽ സർക്കാർ സർവീസിലെ മുൻകാല സേവനം ശമ്പള സംരക്ഷണം ഉൾപ്പെടെയുള്ള മുനിസിപ്പൽ കോമൺ സർവീസിലെ സേവന ആനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്ന നിരവധി ജീവനക്കാരുടെ അപേക്ഷകൾ സർക്കാർ നിരസിച്ചിരുന്നു.

2. സർക്കാർ സർവ്വീസിൽനിന്ന് മുനിസിപ്പൽ കോമൺസർവ്വീസിലേക്ക് മാറിവന്ന

ജീവനക്കാർ ടിയാളുകളുടെ മുൻകാലസർവ്വീസും ശമ്പളവും സംരക്ഷിച്ചു നൽകുന്നതിനായി സമർപ്പിച്ച അപേക്ഷകൾ നിരസിച്ചതിനെതിരെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ നിരവധി കേസുകൾ ഫയൽ ചെയ്തിരുന്നു. അതിൻപ്രകാരം *Santhosh Kumar v. Director of Panchayats (2013 (2) KLT 548), Nirish Kumar P.G Vs. State of Kerala in OP(KAT) No. 4373/2012-* എന്നീ കേസുകളിലെ ബഹു. ഹൈക്കോടതിയുടെ നിരീക്ഷണത്തിന്റേയും വിധിന്യായത്തിന്റേയും അടിസ്ഥാനത്തിൽ സർക്കാർ തീരുമാനം ബഹു.ട്രിബ്യൂണൽ റദ്ദ് ചെയ്യുകയും അപേക്ഷകർക്ക് അനുകൂലമായി ഉത്തരവാകുകയുമുണ്ടായി. ബഹു.ട്രിബ്യൂണലിന്റെ മേൽ ഉത്തരവിനെതിരെ സർക്കാർ ബഹു. ഹൈക്കോടതി മുമ്പാകെ അപ്പീലുകൾ ഫയൽ ചെയ്തിരുന്നെങ്കിലും ബഹു.കോടതി ആയത് തള്ളിയിരുന്നു. തുടർന്ന് പ്രസ്തുത ഉത്തരവിനെതിരെ സർക്കാർ ബഹു. സുപ്രീംകോടതി മുമ്പാകെ സ്പെഷ്യൽ ലീവ് പെറ്റീഷൻ(SLP) ഫയൽ ചെയ്യുകയുണ്ടായെങ്കിലും 12.08.2025 ലെ പരാമർശം 5 വിധിന്യായം പ്രകാരം ഇക്കാര്യത്തിലുള്ള ബഹു.ട്രിബ്യൂണലിന്റെയും ബഹു.ഹൈക്കോടതിയുടേയും ഉത്തരവ് ശരിവയ്ക്കുകയും സർക്കാർ ഫയൽ ചെയ്ത അപ്പീൽ ബഹു.സുപ്രീംകോടതി തള്ളിക്കളയുകയും, ട്രിബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകർക്ക് ആനുകൂല്യങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് കോടതി നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം കേസുകൾ ഫയൽ ചെയ്ത കക്ഷികൾക്ക് ടിയാളുകളുടെ മുൻകാലസേവനം പരിഗണിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

3. പരാമർശം 4 വിജ്ഞാപനപ്രകാരം 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ഭേദഗതി വരുത്തിയിട്ടുള്ളതിൻറെ അടിസ്ഥാനത്തിൽ, മുൻസിപ്പൽ കോമൺ സർവീസിലെ കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള ജീവനക്കാർ സർക്കാർ ജീവനക്കാരാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയതിന് പ്രാബല്യം ഉണ്ടായിരിക്കുന്നത് 06.03.2019 മുതലാണ്.

4. സർക്കാർ ഇക്കാര്യം സമാനവിഷയത്തിലുള്ള ബഹു. കോടതി വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ മുനിസിപ്പൽ കോമൺസർവ്വീസ് സർക്കാർ സർവ്വീസായി പ്രഖ്യാപിക്കുന്നതിനുമുമ്പ് (06.03.2019ന് മുമ്പ്) സർക്കാർ റഗുലർ സർവ്വീസിൽ സേവനമനുഷ്ഠിക്കവേ മുനിസിപ്പൽ കോമൺസർവ്വീസിലേക്ക് നിയമനം ലഭിച്ച് വന്നവർക്ക് ടിയാളുകളുടെ മുൻ സർക്കാർ സർവ്വീസും ശമ്പളവും സംരക്ഷിച്ചു നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം/എറണാകുളം
തദ്ദേശസ്വയംഭരണവകുപ്പ് ഡയറക്ടർ(അർബൻ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ധനകാര്യവകുപ്പ് ( 07.02.2026 തീയതിയിലെ e- 2634878 DEV-1/210/2023/FIN-നമ്പർ കുറിപ്പ് പ്രകാരം)
നിയമവകുപ്പ് (09.01.2026 തീയതിയിലെ OPN-D3/271/2025-LAW നമ്പർ കുറിപ്പ് പ്രകാരം)
തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ് (27.01.2026 തീയതിയിലെ LSGD-ERA2/06/2026-LSGD നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 28-02-2026 16:48:15
സെക്ഷൻ ഓഫീസർ